ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/82871/17/എച്ച്.എസ്.ഇ. തീയതി. /11/2017

## സർക്കുലർ

**വിഷയം**- ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (ബി.പി.എൽ.) - സംബന്ധിച്ച്.

മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് ഫോർ ബി.പി.എൽ. സ്റ്റുഡന്റ്സ് സ്കോളർഷിപ്പിന്റെ 2017-18 വർഷത്തെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ചുവടെ പറഞ്ഞിരിക്കുന്നവ ശ്രദ്ധിക്കുക.

- ബി.പി.എൽ. വിഭാഗക്കാരായ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് സംബന്ധിച്ച അറിയിപ്പു നൽകണം.
- ഇതോടൊപ്പമുള്ള മാതൃകയിൽ അപേക്ഷ ക്ഷണിയ്ക്കണം.
- ചുരുങ്ങിയത് 10 ദിവസം അപേക്ഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് നൽകിയിരിക്കണം.
- സ്കൂൾതല സെലക്ഷൻ കമ്മിറ്റിയംഗങ്ങൾക്ക് അറിയിപ്പ് കൊടുത്ത് ഈ വർഷത്തെ കമ്മിറ്റി രൂപീകരിക്കണം. എല്ലാ യോഗനടപടികളും രേഖപ്പെടുത്തി സ്കൂളിൽ സൂക്ഷിക്കണം.

<u>കമ്മിറ്റിയംഗങ്ങൾ</u>

1. Principal (chairperson)
2. P.T.A. President
3. Head Master/Head Mistress of the High School
4. Staff Secretary
5. One representative from among the teachers elected by the Staff Council. One of the members of the committee shall be a woman.

- അപേക്ഷകർക്ക് നിർബന്ധമായും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. ആയത് ആധാറുമായി ബന്ധിപ്പിച്ചതായിരിക്കണം.

- സ്കോളർഷിപ്പ് സംബന്ധിച്ച വിശദമായ നോട്ടിഫിക്കേഷൻ ഉടൻ തന്നെ പോർട്ടലിൽ ലഭ്യമാകും. യഥാസമയം ലഭിച്ച അപേക്ഷകളിൽ നിന്നും, ടി നോട്ടിഫിക്കേഷനിലെ എണ്ണത്തിനും വ്യവസ്ഥകൾക്കും അനുസരിച്ച് തെരഞ്ഞെടുപ്പ് പൂർത്തിയാക്കണം.

- ഈ വർഷത്തെ ജനറൽ വിഭാഗത്തിലെ (നോട്ടിഫിക്കേഷൻ ശ്രദ്ധിക്കുക) അപേക്ഷാ വിവരങ്ങൾ ഓൺലൈനായി മാത്രമേ ഈ ഓഫീസിൽ സ്വീകരിക്കുകയുള്ളൂ. ആയത് ആവശ്യപ്പെട്ടുകൊണ്ട് സർക്കുലർ ലഭ്യമാകുമ്പോൾ നൽകുന്നതിനായി ഗുണഭോക്താക്കളുടെ ആധാർ, അക്കൗണ്ട്, സിംഗിൽ വിൻഡോ ആപ്ലിക്കേഷൻ നമ്പർ തുടങ്ങിയവ ഉറപ്പുവരുത്തി ശേഖരിച്ചിരിക്കണം.

- ബി.പി.എൽ. സ്കോളർഷിപ്പ് സംബന്ധിച്ച സർക്കുലറുകളെല്ലാം **DHSE** പോർട്ടലിൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്നതിനാൽ എല്ലാ ദിവസവും പോർട്ടൽ (സ്കൂൾ ലോഗിനിലടക്കം) പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)&**
**ഡയറക്ടർ (i/c)**

ഉള്ളടക്കം:

അപേക്ഷാ ഫോം.

# ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

## ഫാറം നമ്പർ - 1

**(അപേക്ഷകരായ വിദ്യാർത്ഥികൾ പൂരിപ്പിച്ച് നൽകേണ്ടവ)**

കുറിപ്പ് : ഈ സ്കോളർഷിപ്പ് പദ്ധതി ബി.പി.എൽ (ദാരിദ്ര്യരേഖയ്ക്ക് താഴെ) വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമുള്ളതാണ്.

1. വിദ്യാർത്ഥിയുടെ പേര് :
2. ക്ലാസ്സ് : ഗ്രൂപ്പ് : ☐ സയൻസ് ☐ ഹ്യുമാനിറ്റീസ് ☐ കോമേഴ്സ്
3. ഏകജാലകആപ്ലിക്കേഷൻ നമ്പർ:
4. അഡ്മിഷൻ നമ്പർ :
5. ആധാർ നമ്പർ :
6. ജനനതീയതി :
7. രക്ഷകർത്താവിന്റെ പേര് :
8. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായ വിവരങ്ങൾ

   രജിസ്റ്റർ നമ്പർ : വർഷം :

   ഗ്രേഡുകൾ :

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| പേപ്പർ | | | | | | | | | | |
| ഗ്രേഡ് | | | | | | | | | | |

9. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (ആധാറുമായി ബന്ധപ്പെടുത്തിയ അക്കൗണ്ട്) :

   അക്കൗണ്ട് നമ്പർ:

   ബാങ്ക് :

   ബ്രാഞ്ച് :

   IFSC :

   (ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുക)

10. താങ്കൾ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നുവെന്നതിന്റെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ ?

    ☐ ഉണ്ട് ☐ ഇല്ല

11. താങ്കൾ താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണോ ?

(ഉൾപ്പെടുന്നുവെങ്കിൽ ✓ മാർക്ക് ചെയ്യുക)

☐ മാതാപിതാക്കളിരുവരും ജീവിച്ചിരിപ്പില്ല.

☐ മാതാവ് അവിവാഹിത, വിധവ, അല്ലെങ്കിൽ നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ ആളാണ്.

☐ പിതാവ് മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ.

☐ മാതാപിതാക്കളിലാരെങ്കിലും ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, കുഷ്ഠം, ക്ഷയം, എയിഡ്സ്, വൃക്കസംബന്ധമായ രോഗങ്ങൾ, പക്ഷാഘാതം, മനോവിഭ്രാന്തി തുടങ്ങിയ ഏതെങ്കിലും വ്യാധികളാൽ ദുരിതമനുഭവിക്കുന്നു.

☐ മാതാപിതാക്കളിലൊരാൾ അല്ലെങ്കിൽ രണ്ടുപേരും ശാരീരിക വൈകല്യമുള്ളവരാണ്. (സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കുക).

☐ മാതാപിതാക്കൾ ഭൂരഹിതർ അല്ലെങ്കിൽ ഭവനരഹിതരാണ്.

12. താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും താഴെപ്പറയുന്ന ഏതെങ്കിലും മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണോ ?

☐ കയർ ☐ കശുവണ്ടി ☐ ബീഡി ☐ കൈത്തറി

☐ മൺകല നിർമ്മാണം

13. താങ്കൾക്ക് കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ ഏതെങ്കിലും സ്കോളർഷിപ്പ് ഇപ്പോൾ ലഭിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുക.

14. താങ്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നയാളാണോ ?

☐ അതെ ☐ അല്ല

(അതെ എന്നാണ് ഉത്തരമെങ്കിൽ ഏതുവിഭാഗം, ഉപവിഭാഗം എന്നു രേഖപ്പെടുത്തുക)

15. താങ്കൾ ഏതെങ്കിലും കായിക മത്സരങ്ങളിൽ ദേശീയ/സംസ്ഥാനതലത്തിൽ മത്സരിച്ച് വിജയിച്ചിട്ടുണ്ടോ ?/പങ്കെടുത്തിട്ടുണ്ടോ ?/ഉണ്ടെങ്കിൽ ഏതിനത്തിൽ ?

(സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കുക)

16. വിജയിച്ചത്/പങ്കെടുത്തത് ഏത് തലത്തിൽ ?

☐ സംസ്ഥാനതലം ☐ ദേശീയതലം

17. നേട്ടത്തിന്റെ സ്വഭാവമെന്ത് ?

☐ ഒന്നാം സ്ഥാനം ☐ രണ്ടാം സ്ഥാനം ☐ പങ്കാളിത്തം മാത്രം

18. താങ്കൾ സംസ്ഥാനതല സ്കൂൾ യുവജനോത്സവത്തിൽ ഏതെങ്കിലും ഇനങ്ങൾക്ക് എ ഗ്രേഡ് നേടിയിട്ടുണ്ടോ ?

☐ ഉണ്ട് ☐ ഇല്ല

(നേടിയിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കുക)

19. യുവജനോത്സവത്തിൽ പങ്കെടുത്ത വർഷവും സമ്മാനം നേടിയ ഇനവും രേഖപ്പെടുത്തുക.

20. താങ്കൾ ശാരീരിക വൈകല്യമുള്ളയാളോണോ ?

☐ അതെ ☐ അല്ല

(അതെയെന്നാണുത്തരമെങ്കിൽ വൈകല്യത്തിന്റെ സ്വഭാവവും ശതമാനവും വെളിപ്പെടുത്തുന്ന അംഗീകൃത മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കുക).

---

## പ്രതിജ്ഞാപത്രം

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. ഈ വസ്തുതകൾ തെറ്റാണെന്നു തെളിയുന്ന പക്ഷം എന്റെ അപേക്ഷ അസാധുവാക്കപ്പെടുമെന്നും സ്കോളർഷിപ്പ് തുക മുഴുവൻ തിരിച്ചടക്കേണ്ടി വരുമെന്നും എനിക്കറിവുള്ളതാണ്.

വിദ്യാർത്ഥിയുടെ ഒപ്പ്

---

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും പരിപൂർണ്ണമായും ശരിയാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

രക്ഷകർത്താവിന്റെ ഒപ്പ്

---

**ക്ലാസ്സ് ടീച്ചറിന്റെ/ട്യൂട്ടറിന്റെ ശുപാർശ ഇവിടെ രേഖപ്പെടുത്തുക**

അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ പേരും ഒപ്പും.

സ്ഥലം :

പ്രിൻസിപ്പലിന്റെ പേരും ഒപ്പും.

തീയതി :